## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5116

15.11.2019 - ൽ
മറുപടിയ്ക്ക്

# കാർഷിക സർവകലാശാലയിൽ ഫാം ഓഫീസർമാരുടെ (അഗ്രി) നിയമനങ്ങൾ

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിലും ഗവേഷണ സ്ഥാപനങ്ങളിലുമായി ഫാം ഓഫീസർ (അഗ്രി)മാരുടെ എത്ര തസ്തികകൾ ആണ് നിലവിലുള്ളത്; അതിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട് എന്നും എത്ര തസ്തികകൾ ഒഴിവുണ്ട് എന്നും വ്യക്തമാക്കാമോ; | എ) ഫാം ഓഫീസർ (അഗ്രി)മാരുടെ തസ്തികകളുടെ എണ്ണം 148. നിലവിലുള്ള ജീവനക്കാരുടെ എണ്ണം 41. ഒഴിവുള്ള തസ്തികകളുടെ എണ്ണം 107. |
| ബി) സർവ്വകലാശാല പുതുതായി ആരംഭിച്ചിട്ടുള്ള കോളേജുകളിൽ മറ്റു കോളേജുകൾക്ക് സമാനമായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇത്തരം ജീവനക്കാരുടെ സേവനങ്ങൾ കോളേജുകളിൽ ആവശ്യമുണ്ടോ; എങ്കിൽ ഇതിനാവശ്യമായ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | ബി) ഇല്ല; ഇത്തരം ജീവനക്കാരുടെ സേവനങ്ങൾ കോളേജുകളിൽ ആവശ്യമുണ്ട്. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ച് പുറപ്പെടുവിച്ച (ഐ.സി.എ.ആർ) മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പുതുതായി ആരംഭിച്ച കോളേജുകളിലേക്ക് ആവശ്യമായ തസ്തികകളുടെ എണ്ണം സർവ്വകലാശാല എസ്റ്റാബ്ലിഷ്മെന്റ് കമ്മിറ്റി പരിശോധിച്ച് വരുന്നു. |
| സി) കാർഷിക സർവകലാശാലയിലെ ഫാം ഓഫീസർമാരുടെ അഭാവം കാർഷിക സർവ്വകലാശാലയുടെ ഗവേഷണത്തെയും ഫാമുകളുടെ പ്രവർത്തനത്തെയും ദോഷകരമായി ബാധിക്കുന്നുണ്ടോ; അത്യാവശ്യമായി ഈ നിയമനങ്ങൾ നടക്കണമെന്ന് കാർഷിക സർവകലാശാല കരുതുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദീകരിക്കാമോ? | സി) ലഭ്യമായ ജീവനക്കാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തിയും ദിവസ വേതനത്തിൽ ആളുകളെ നിയമിച്ചും, ശാസ്ത്രജ്ഞൻമാർ പ്രവർത്തനങ്ങളുടെ മേൽ നോട്ടം വഹിച്ചും ഫാം ഓഫീസർമാരുടെ അഭാവം പരിഹരിച്ച് സർവ്വകലാശാലയുടെയും ഫാമുകളുടെയും പ്രവർത്തനം കാര്യക്ഷമമായി നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ